Page 1 of 1

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): നിങ്ങൾ ഒരു തെറ്റിദ്ധാരണ ഉണ്ടാക്കരുത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം ഏതു സമയത്തും നൽകാം. തലേദിവസവും നൽകാം, അതിനുശേഷവും നൽകാം. അതൊക്കെ പരിശോധിക്കാതെ പറയാൻ പറ്റില്ല. മറുപടി പറയേണ്ടതിന്റെ ഉത്തരവാദിത്വം എനിക്ക് തന്നെയാണുള്ളത്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ആ ഉത്തരം ലഭ്യമാക്കുന്ന കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടോയെന്ന് ഇന്നുതന്നെ പരിശോധിച്ച് അറിയിക്കാം.

# VI. റൂളിംഗ്

മി. സ്പീക്കർ: ഓർഡർ, ഓർഡർ...... ബഹുമാനപ്പെട്ടപ്രതിപക്ഷാംഗങ്ങൾ പന്ത്രണ്ടു ദിവസം മുൻപ് എഴുതിക്കൊടുത്ത് ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാതെ സബ്മിഷന് മറുപടി പറയുന്നത് ശരിയായ രീതിയിൽ പറഞ്ഞാൽ അത് മറ്റംഗങ്ങളോടുള്ള വിവേചനം തന്നെയാണ്. ഇത്തരം കാര്യങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# VII. ധനകാര്യം

## 2006-2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം-നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,73,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. യു. കുരുവിള): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,34,15,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,10,80,000 രൂപയുടേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,76,82,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly